കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.08.2020-ലെ OA(EKM) No.1113/2020-നമ്പർ ഉത്തരവ് പാലിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത(സി) വകുപ്പ്

**സ.ഉ.(സാധാ) നം.301/2020/ഗതാഗതം** തീയതി, തിരുവനന്തപുരം, 23/09/2020

---

പരാമർശം:- 1 സ.ഉ.(അച്ചടി) നമ്പർ.41/2020/ഗതാഗതം തീയതി.23.07.2020.

2 ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 14.08.2020-ലെ OA(EKM) No.1113/2020-നമ്പർ ഉത്തരവ്.

3 സ.ഉ.(അച്ചടി) നമ്പർ.46/2020/ഗതാഗതം തീയതി.17.09.2020.

4 ട്രാൻസ്പോർട്ട് കമ്മീഷണറുടെ 21.09.2020-ലെ A1/69/2020/TC-നമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം (2) പ്രകാരമുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 14.09.2020-ൽ അഡ്ഹോക് ഡി.പി.സി കൂടുകയും പരാമർശം (1) പ്രകാരമുള്ള 2020-ലെ സെലക്ട് ലിസ്റ്റ് പരിഷ്കരിച്ച് ശ്രീ.കെ.എ.മാത്യു- നെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കായുള്ള സെലക്ട് ലിസ്റ്റിൽ 5(a) ആയി പരാമർശം (3) പ്രകാരം ഉൾപ്പെടുത്തുകയും ചെയ്തു.

2) സെലക്ട് ലിസ്റ്റ് പരിഷ്ക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.എ.മാത്യുവിനു സ്ഥാനക്കയറ്റം നൽകുന്നതിനുള്ള പ്രൊപോസൽ ട്രാൻസ്പോർട്ട് കമ്മീഷണർ പരാമർശം (4) പ്രകാരം സമർപ്പിക്കുകയും കാസറഗോഡ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ് എന്നും റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

3) സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ വയനാട് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലെ സീനിയർ സൂപ്രണ്ട് ശ്രീ.കെ.എ.മാത്യുവിനു കെ.എസ് & എസ്.എസ്.ആർ ഭാഗം II, ചട്ടം 28 (ബി) (i) പ്രകാരം 40500 - 85000 ശമ്പള സ്കെയിലിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേക്കു സ്ഥാനക്കയറ്റം നൽകി നിലവിൽ ഒഴിവുള്ള കാസറഗോഡ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ആയി നിയമിക്കുന്നു.

4) ഇപ്രകാരം പരാമർശം (2) ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിച്ച ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ആർ ജ്യോതിലാൽ**

**പ്രിൻസിപ്പൽ സെക്രട്ടറി**

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)

ട്രാൻസ്പോർട് കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.കെ.എ.മാത്യു, സീനിയർ സൂപ്രണ്ട്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, വയനാട് (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

അക്കൗണ്ടന്റ് ജനറൽ(എ&ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

ബന്ധപ്പെട്ട ട്രഷറി ഓഫീസർക്ക്. (ട്രാൻസ്പോർട്ട് കമ്മീഷണർ മുഖേന)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ